"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിലില്ലായ്മ വേതന ഇനത്തിൽ കുടിശ്ശിക ആയിട്ടുള്ള തുക മുൻകൂർ വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ തൊഴിലുറപ്പ് പദ്ധതിയുടെ ശാക്തീകരണ ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.432/2022/LSGD തീയതി,തിരുവനന്തപുരം, 23-02-2022

---

പരാമർശം:- 1. സ.ഉ.(ആർ.ടി) നം.6404/2021/ധന തീയതി 29.09.21

2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 16.02.2022- ലെ NREGA/195/2021-E3 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം -2005 ഖണ്ഡിക-7 ഉപഖണ്ഡിക 1 പ്രകാരം തൊഴിൽ ആവശ്യപ്പെട്ട് 1 5 ദിവസത്തിനകം തൊഴിൽ നൽകിയില്ല എങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 16.02.2022 ലെ എം.ഐ.എസ്. റിപ്പോർട്ട് പ്രകാരം 1,48,847/- രൂപ തൊഴിലില്ലായ്മ വേതന ഇനത്തിൽ സംസ്ഥാനത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യേണ്ടതുണ്ടെന്നും ടി തുക അടിയന്തിരമായി വിതരണം ചെയ്യാൻ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം നടത്തിയ എംപവേർഡ് കമ്മിറ്റി യോഗത്തിൽ നിർദേശിച്ചിട്ടുള്ളതായും പരാമർശം ( 2 ) പ്രകാരം മിഷൻ ഡയറക്ടർ അറിയിക്കുകയുണ്ടായി. സംസ്ഥാനം സമർപ്പിച്ച 2022-23 വർഷത്തെ ലേബർ ബഡ്ജറ്റിന് എംപവേർഡ് കമ്മിറ്റി യോഗം അംഗീകാരം നൽകാതെ മാറ്റി വച്ചതിന് തൊഴിലില്ലായ്മ വേതന വിതരണത്തിൽ കുടിശ്ശിക വരുത്തിയതും കാരണമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തൊഴിലില്ലായ്മ വേതനം മുൻകൂറായി വിതരണം ചെയ്യുകയും ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കുന്നതനുസരിച്ച് സംസ്ഥാന മിഷന്റെ അക്കൗണ്ടിൽ തിരികെ വരവ് വെക്കുകയും ചെയ്യുന്ന രീതിയാണ് ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നത്. തൊഴിലില്ലായ്മ വേതനം മുൻകൂർ വിതരണം ചെയ്യാൻ പരാമർശം (1) ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതന ഇനത്തിലെ നിലവിലുള്ള കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് സംസ്ഥാന മിഷന്റെ ശാക്തീകരണ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ അനുമതി നൽകണമെന്ന് മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ സൂചിപ്പിച്ച അടിയന്തിര സാഹചര്യം പരിഗണിച്ച് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുള്ള

തൊഴിലില്ലായ്മ വേതനക്കുടിശിക വിതരണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം 2505-02-101-92-Payment of Unemployment Allowance under MGNREGP(PV) എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷനിലൂടെ വകയിരുത്തിയിട്ടുള്ള ഒരു ലക്ഷം രൂപ വിനിയോഗിക്കാനും ബാക്കി തുക (48,847/- രൂപ) സംസ്ഥാന മിഷന്റെ ശാക്തീകരണ ഫണ്ടിൽ നിന്നും വിതരണം ചെയ്യാനും അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 24-02-2022 11:42:26
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്